Acd

15924
G

31 MAR 2015

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം. 2859/ജി3/15/പൊവിവ.

തിരുവനന്തപുരം
തീയതി, 18/03/2015

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - സ്കൂളുകളിലെ ലൈംഗിക കുറ്റകൃത്യങ്ങൾ- തടയുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 20/12/14- ലെ ഉത്തരവ്.

സംസ്ഥാനത്ത് കുട്ടികൾക്കെതിരായി ലൈംഗിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ നടക്കുന്ന ലൈംഗിക കുറ്റകൃത്യങ്ങളെക്കുറിച്ച് അറിവ് ലഭിച്ചാൽ ഉടൻ തന്നെ ആയത് പോലീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് . ലൈംഗിക കുറ്റകൃത്യങ്ങൾ യഥാസമയം പോലീസിൽ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് 2012- ലെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമപ്രകാരം (POCSO Act) ഒരു വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ POCSO Act നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമമായ POCSO Act 2012 സംബന്ധിച്ച് വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും അധ്യാപകർക്കും മറ്റു ജീവനക്കാർക്കും അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. അധ്യാപകർക്കുള്ള പ്രതിമാസ യോഗങ്ങളിൽ POCSO Act – നെ കുറിച്ച് അറിവ് പകരുന്നതിനുള്ള ക്ലാസ്സുകൾ നടത്തുന്നതിന് ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒ – മാർ ശ്രദ്ധിക്കേണ്ടതാണ്. ക്ലാസ്സ് കൈകാര്യം ചെയ്യുന്നതിനുള്ള വിദഗ്ധരെ ലഭ്യമാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള " സംയോജിത ശിശു സംരക്ഷണ പദ്ധതി " പ്രകാരം ജില്ലയിൽ നിയമിതരായിട്ടുള്ള ജില്ലാ ശിശു സംരക്ഷണ പദ്ധതി ഓഫീസർമാരുമായി (ഡി.സി.പി.ഒ) ബന്ധപ്പെടാവുന്നതാണ്.

2. സ്കൂളുകളിലെ പി.റ്റി.എ.മീറ്റിംഗുകളിൽ പോക്സോ ആക്ടിനെപ്പറ്റി ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. എല്ലാ സ്കൂളുകളിലും (എയിഡഡ്, അൺഎയ്ഡഡ്, പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി, വൊക്കേഷണൽഹയർസെക്കന്ററി) പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് സഹായപ്പെട്ടി ( Drop Box) സ്ഥാപിക്കേണ്ടതാണ്.

4. സഹായപ്പെട്ടി എല്ലാ ദിവസവും പ്രധാനാദ്ധ്യാപകൻ/അദ്ദേഹം ചുമതലപ്പെടുത്തുന്നയാൾ മറ്റു രണ്ട് അദ്ധ്യാപകരുടെ സാന്നിദ്ധ്യത്തിൽ (രണ്ടുപേരിൽ ഒരാൾ വനിതയായിരിക്കണം) തുറന്ന് പരിശോധിക്കേണ്ടതാണ്.

5. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിൽ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററിഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ, എന്നിവർ മേൽ നിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഡോ. വിശ്വാസ് മേത്ത
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹയർസെക്കന്ററിഡയറക്ടർ, തിരുവനന്തപുരം.
വൊക്കേഷണൽഹയർസെക്കന്ററിഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം).
സാമൂഹ്യ നീതി വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Sreedevi
സെക്ഷൻ ഓഫീസർ

Endt. No. Acd C1/15924/15 Dated 20/4/15

എല്ലാ ഗവൺമെന്റ് / എയ്ഡഡ് / അൺഎയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാരും മേൽ വിഷയത്തിൽ അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക 15 ദിവസത്തിനകം സമർപ്പിക്കേണ്ടതുമാണ്.

ജോയിന്റ് ഡയറക്ടർ
(അക്കാഡമിക്)

1) എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർക്കും
2) എല്ലാ RDDമാർക്കും
3) SF/OC